KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 13/03/2023

**സർക്കുലർ നമ്പർ 12/2023 (BD)**

വിഷയം:- സ്ഥാപനങ്ങളുടെ പേരിലുള്ള ബാധ്യതകൾക്ക് വസ്തു ജാമ്യം സ്വീകരിക്കുന്നതിനുള്ള മാനദണ്ഡം പുതുക്കുന്നതു സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നമ്പർ 103/2007 (BD) dt. 29/09/2007.
2. സർക്കുലർ നമ്പർ 36/2018 (BD) dt. 17/09/2018.
3. സർക്കുലർ നമ്പർ 95/2021 (BD) dt. 24/12/2021.
4. 23/02/2023 തീയതിയിലെ 9890 നമ്പർ ബോർഡ് തീരുമാനം.

****

കമ്പനിയുടെ വിവിധ പദ്ധതികൾക്ക് മുഖ്യമായും ഇപ്പോൾ വസ്തു ജാമ്യമാണ് സ്വീകരിച്ചു വരുന്നത്. സൂചന (1) സർക്കുലർ പ്രകാരം ഒരു വ്യക്തിയുടെ പേരിലും ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥൻ എന്ന പേരിലും വസ്തു ജാമ്യത്തിന്മേൽ അനുവദിക്കാവുന്ന ബാധ്യത 1 കോടി രൂപയായി നിജപ്പെടുത്തിയിരുന്നു. കൂടാതെ മേൽ സർക്കുലർ പ്രകാരം ഒരു സ്ഥാപനത്തിന്റെ (Firm/Corporate Body) പേരിൽ അനുവദിക്കാവുന്ന പരമാവധി ബാധ്യത 2 കോടി രൂപയായും നിശ്ചയിക്കുകയുണ്ടായി.

കമ്പനിയുടെ ചിട്ടി ബിസിനസ്സിൽ കാലാനുസൃതമായുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ഒരു വ്യക്തിയുടെ പേരിലും ഒരു വസ്തു ജാമ്യത്തിന്മേലും അനുവദിക്കാവുന്ന പരമാവധി ബാധ്യത പിന്നീട് പലതവണ പുതുക്കി നിശ്ചയിക്കുകയുണ്ടായി. നിലവിൽ കമ്പനിയുടെ 95/2021 (BD) dt. 24/12/2021 സർക്കുലർ പ്രകാരം ഒരു വ്യക്തിയുടെ പേരിൽ അനുവദിക്കാവുന്ന പരമാവധി ബാധ്യത 6 കോടി രൂപയും ഒരു വസ്തു ജാമ്യത്തിന്മേൽ അനുവദിക്കാവുന്ന പരമാവധി ബാധ്യത 5 കോടി രൂപയുമാണ്.

എന്നാൽ ഒരു സ്ഥാപനത്തിന്റെ പേരിൽ (Firm/Corporate Body) അനുവദിക്കാവുന്ന ബാധ്യതയുടെ പരിധി 2007 നു ശേഷം നാളിതു വരെ പുതുക്കി നിശ്ചയിച്ചിട്ടില്ല. കമ്പനിയുടെ വാർഷിക ചിട്ടി ബിസിനസ്സിലുണ്ടായ വർദ്ധവിനനുസൃതമായി സ്ഥാപനത്തിന്റെ പേരിൽ അനുവദിക്കാവുന്ന ബാധ്യതയുടെ പരിധിയും പുതുക്കി നിശ്ചയിക്കേണ്ടതാണെന്ന ആവശ്യം ശാഖകളുടെ ഭാഗത്തു നിന്നും മേഖലാ തലത്തിലും ഉയർന്നു വരുന്ന സാഹചര്യം കണക്കിലെടുത്ത് ഒരു സ്ഥാപനത്തിന്റെ പേരിൽ (Firm/Corporate Body) വസ്തു ജാമ്യത്തിന്മേൽ അനുവദിക്കാവുന്ന ബാധ്യത 2 കോടി രൂപയിൽ നിന്നും 6 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. മേൽ സൂചിപ്പിച്ച മാറ്റങ്ങൾ 20/03/2023 മുതൽ നിലവിൽ വരുന്നതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
3. **MD യുടെ PA**
4. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
5. **എല്ലാ SDT ഓഫീസുകൾക്കും**
6. **സർക്കുലർ ഫയൽ**